"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് സത്വരാന്വേഷണറിപ്പോർട്ട് - തിരുവനന്തപുരം നഗരസഭയിലെ ജീവനക്കാരായിരുന്ന ബിൽ കളക്ടർ ശ്രീമതി.ആർ.ശ്രീകുമാരി, ക്ലാർക്കുമാരായ ശ്രീ.എൻ.മോഹൻദാസ്, ശ്രീ.അൻവർ ഹുസൈൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2742/2022/LSGD തീയതി,തിരുവനന്തപുരം, 08-11-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.09.2018 തീയതിയിലെ ഇ20 (ക്യൂവി 4/16/SIU-II) 7238/18 നമ്പർ കത്ത്.
2. 21.01.2019 തീയതിയിലെ ഇയു2-437/2018/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. നഗരകാര്യ ഡയറക്ടറുടെ 09.07.2021തീയതിയിലെ വി1-1786/2013 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ 2013-14 കാലഘട്ടത്തിലെ സംസ്ഥാന ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെപ്പറ്റി മംഗളം ദിനപ്പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് ടി നഗരസഭയിൽ സത്വരാന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ വിജിലൻസ് ഡയറക്ടറുടെ ശുപാർശപ്രകാരം അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ തിരുവനന്തപുരം നഗരസഭയിലെ ജീവനക്കാരായിരുന്ന ബിൽ കളക്ടർ ശ്രീമതി.ആർ.ശ്രീകുമാരി, ക്ലാർക്കുമാരായ ശ്രീ.എൻ.മോഹൻദാസ്, ശ്രീ.അൻവർ ഹുസൈൻ എന്നിവർക്കെതിരെ അച്ചടക്കനടപടികൾ ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

2. 2013-14 ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച് വിജിലൻസ് സത്വരാന്വേഷണ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം കഴക്കൂട്ടം മേഖലാ ഓഫീസിൽ ബിൽ കളക്ടറായിരുന്ന ശ്രീ.എൻ.മോഹൻദാസ് 2013 മാർച്ച് 12 മുതൽ 2013 ആഗസ്റ്റ് 14 വരെയുള്ള കാലയളവിൽ ഉപഭോക്താക്കളിൽ നിന്നും വസ്തുനികുതി പിഴപ്പലിശ ഈടാക്കിയതിലുണ്ടായ പിഴവ് മൂലം നഗരസഭയ്ക്ക് 1,454/- രൂപയുടെ നഷ്ടം വരുത്തിയതായി നഗരസഭാ ഓഡിറ്റ് ഓഫീസർ കണ്ടെത്തുകയുണ്ടായി. ആയതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. ആയതിന് , 2010 വരെ പഞ്ചായത്ത് ആയിരുന്ന കഴക്കൂട്ടം പ്രദേശത്തെ വീടുകളുടെ വസ്തുനികുതി വർഷങ്ങളോളം ഒടുക്കാതിരിക്കുകയായിരുന്നുവെന്നും ആയതിന്റെ പിഴപലിശ കണക്ക് കൂട്ടിയെടുത്തതിൽ പിഴവ് സംഭവിച്ചുവെന്നും അറിയാതെ സംഭവിച്ചു പോയ പിഴവ്

മൂലമാണ് നഗരസഭയ്ക്ക് 1,454/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതെന്നും ശ്രീ.എൻ.മോഹൻദാസ് മറുപടി സമർപ്പിച്ചിരുന്നു.എല്ലാ ദിവസവും വീടുകളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയും രസീതു ബുക്കും കളക്ഷൻ രജിസ്റ്ററും അതാത് ദിവസം ഉച്ചയ്ക്ക് ശേഷം റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രമാണ് നഗരസഭാ കൗണ്ടറിൽ പണം ഒടുക്കിയിട്ടുള്ളതെന്നും മനഃപൂർവ്വമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

3. വിജിലൻസ് അന്വേഷണറിപ്പോർട്ട് പ്രകാരം 2013മുതൽ 2015 ജൂലൈ മാസം വരെ തിരുവനന്തപുരം കഴക്കൂട്ടം മേഖലാ ഓഫീസിലെ ബിൽ കളക്ടറായിരുന്ന ശ്രീമതി.ആർ.ശ്രീകുമാരി ഉപഭോക്താക്കളിൽ നിന്നും വസ്തുനികുതി ,പിഴപലിശ എന്നിവ ഈടാക്കിയതിലുണ്ടായ പിഴവു മൂലം നഗരസഭയ്ക്ക് 7,960/- രൂപയുടെ നഷ്ടം വന്നിട്ടുള്ളതായി നഗരസഭാ ഓഡിറ്റ് ഓഫീസർ കണ്ടെത്തിയിരുന്നു. ആയത് ടിയാളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായതിനാലാണ് ടിയാൾക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളത്. ആയതിന് ടിയാൾ സമർപ്പിച്ച മറുപടി പ്രകാരം, കഴക്കൂട്ടം മേഖലാ ഓഫീസിൽ ബിൽ കളക്ടറായി സേവനമനുഷ്ഠിക്കവെ ശ്രീമതി.ആർ.ശ്രീകുമാരിയെ ഓഫീസിലെ ക്യാഷ് കൗണ്ടറിൽ പോസ്റ്റ് ചെയ്തിരുന്നുവെന്നും 2013-14 കാലയളവിൽ നഗരസഭയുടെ ടാക്സ് റിവിഷനുമായി ബന്ധപ്പെട്ട് നമ്പറിംഗ് നടന്നുകൊണ്ടിരുന്ന സമയമായതിനാൽ നഗരസഭയിലെ ക്യാഷ് കൗണ്ടറിൽ തിരക്കനുഭവപ്പെട്ടിരുന്നുവെന്നും ആയത് മൂലം കണക്കുകൂട്ടലുകളിൽ പിഴവ് വന്നുവെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. അക്കാലത്ത് ക്യാഷ് കൗണ്ടറിൽ മാന്വൽ ആയിട്ടാണ് ടാക്സ് കണക്കാക്കിയിരുന്നതെന്നും എല്ലാ ദിവസവും ടാക്സ് എടുത്തതിനു ശേഷം രസീതു ബുക്കും ക്യാഷ് രജിസ്റ്ററും ക്യാഷും റവന്യൂ ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷമാണ് പണം ഒടുക്കിയിട്ടുള്ളതെന്നും മറുപടിയിൽ പറയുന്നു. പരാമർശിത തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെന്നും തിരക്കുമൂലം അറിയാതെ സംഭവിച്ച പിഴവ് മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അഭ്യർത്ഥിക്കുകയുണ്ടായി.

4. വിജിലൻസ് അന്വേഷണറിപ്പോർട്ട് പ്രകാരം തൈക്കാട് ശാന്തി കവാടത്തിലെ വൈദ്യുത ശ്മശാനത്തിന്റെ നിരക്ക് വർദ്ധിപ്പിച്ചു കൊണ്ടുള്ള 09/07/2013 ലെ കൗൺസിൽ തീരുമാനം 19/07/2013- ൽ സെക്ഷന് കൈമാറിയിരുന്നെങ്കിലും 13/10/2013 മുതൽ മാത്രമാണ് പ്രാബല്യത്തിൽ വരുത്തിയതെന്നും ആയതുമൂലം നഗരസഭയ്ക്ക് 19/07/2013 മുതൽ 13/10/2013 വരെ പുതിയ നിരക്കിൽ പിരിച്ചെടുക്കേണ്ടതായ 2,51,250/- രൂപ നഷ്ടം വന്നതായും കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത കൗൺസിൽ തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നഗരസഭയിലെ ഇ6 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.അൻവർ ഹുസൈൻ കാലതാമസം വരുത്തിയതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളത്. ആയതിന് ടിയാൾ സമർപ്പിച്ച മറുപടി പ്രകാരം, തിരുവനന്തപുരം നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടിയാൻ 25/07/2013 മുതലാണ് ചാർജ്ജെടുത്തതെന്നും നഗരസഭയുടെ പരിധിയിലുള്ള 5 വാർഡുകളിൽ നിന്നുള്ള ടൗൺ പ്ലാനിംഗ് ഫയലുകളും മരാമത്ത് ഫയലുകളും ഉൾപ്പെടെ ഏകദേശം 500 ഓളം ഫയലുകൾ കൈമാറിക്കിട്ടിയെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആദ്യമായി ജോലി ചെയ്യുന്നതിനാൽ ഫയലുകളുടെ പ്രാധാന്യം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭിച്ചിരുന്നില്ലെന്നും ശ്രീ.അൻവർ ഹുസൈൻ മറുപടി നൽകിയിരിക്കുന്നു. വിവരാവകാശ നിയമപ്രകാരവും കോടതി വ്യവഹാര സംബന്ധവുമായ ഫയലുകളിൽ

ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതായും തുടർന്ന് കൈമാറിക്കിട്ടിയ ഫയലുകളിൽ നിന്നും പരാമർശിത ഫയൽ കാണുകയും തൊട്ടടുത്ത ദിവസം തന്നെ മേലധികാരികൾക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണെന്നും മറുപടിയിൽ പറയുന്നു. എഞ്ചിനീയറിംഗ് വിഭാഗം ശാന്തികവാടത്തിന്റെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാത്രമാണ് കൈകാര്യം ചെയ്യുന്നതെന്നും ചാർജ്ജ് വർധന നടപ്പിലാക്കേണ്ടത് റവന്യൂ വിഭാഗമാണെന്നും എന്നാൽ കൗൺസിൽ തീരുമാനം റവന്യൂ വിഭാഗത്തിന് നൽകാതെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയത് നിമിത്തമാണ് കാലതാമസമുണ്ടായതെന്നും ടിയാൻ വിവരിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ടിയാന്റെ ഭാഗത്തു നിന്നും വ്യക്തിപരമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും മറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

5. ജീവനക്കാരുടെ മറുപടികളുടെ അടിസ്ഥാനത്തിൽ കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയുടെ കഴക്കൂട്ടം സോണൽ ഓഫീസിലെ ബിൽ കളക്ടർ ശ്രീമതി.ആർ.ശ്രീകുമാരി ,ക്ലാർക്ക് ശ്രീ.എൻ.മോഹൻദാസ് എന്നിവർ വസ്തു നികുതി ,പിഴപ്പലിശ ഈടാക്കുന്നതിൽ നഗരസഭയ്ക്ക് നഷ്ടം വരുത്തിയിരുന്നു. കണക്ക് കൂട്ടലിൽ വന്നു ചേർന്ന പിഴവാണെന്ന് ടിയാളുകൾ മറുപടി നൽകിയിട്ടുള്ളതാണ്. കൂടാതെ പിഴപ്പലിശ ഈടാക്കിയതിൽ ബാക്കി വന്ന തുകകൾ ടിയാളുകളുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയിട്ടുള്ളതും ശ്രീമതി.ആർ.ശ്രീകുമാരി 5973/- രൂപയും ശ്രീ.എൻ മോഹൻദാസ് 1454/- രൂപയും ഒടുക്കു വരുത്തിയിട്ടുള്ളതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ടിയാളുകളുടെ മറുപടികൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു. കൂടാതെ ,തിരുവനന്തപുരം നഗരസഭയിലെ ശാന്തികവാടം ശ്മശാനത്തിന്റെ നിരക്ക് വർദ്ധിപ്പിച്ച കൗൺസിൽ തീരുമാന പ്രകാരം നടപടി സ്വീകരിക്കാൻ കാലതാമസം നേരിട്ടതിന് കാരണം ശ്രീ.അൻവർ ഹുസൈൻ പുതുതായി ചാർജ്ജെടുത്ത വേളയിൽ ഉണ്ടായ പരിചയക്കുറവും അറിവില്ലായ്മയും മൂലമാണെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ശ്രീ.അൻവർ ഹുസൈന്റെ മറുപടി പരിഗണിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു.

6. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം (3) റിപ്പോർട്ട് പ്രകാരം കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നതിൽ കാലതാമസം വന്നതു നിമിത്തം നഗരസഭയ്ക്ക് വരുമാനനഷ്ടം വരുത്തിയതിന് സെക്ഷൻ ക്ലാർക്ക് ശ്രീ.അൻവർ ഹുസൈൻ കാരണക്കാരനാണെങ്കിലും പുതുതായി ചാർജ്ജെടുത്തതു മൂലമുണ്ടായ അപാകതയായി ആയതിനെ പരിഗണിക്കാവുന്നതാണ്. വസ്തു നികുതി, പിഴപ്പലിശ എന്നിവ കണക്കാക്കിയതിൽ കുറവു വന്നിട്ടുള്ളത് മനഃപൂർവ്വമല്ലാതെ സംഭവിച്ച പിഴവാണെന്നും ആയത് ബാധ്യതയായി കണക്കാക്കി ശ്രീമതി.ആർ.ശ്രീകുമാരി, ശ്രീ.എൻ.മോഹൻദാസ് എന്നിവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിയുക്തമായ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളത് ബാധ്യത തിരിച്ചടച്ചതു മൂലം പരിഹൃതമാകുമെന്ന് കരുതാനാവില്ല. ആയതിനാൽ ശ്രീമതി.ആർ.ശ്രീകുമാരി, ശ്രീ.എൻ.മോഹൻദാസ് എന്നിവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

7. സർക്കാർ ഇക്കാര്യം ,നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ശ്രീമതി.ആർ.ശ്രീകുമാരി, ശ്രീ.എൻ. മോഹൻദാസ്

എന്നിവർക്കെതിരായി ആരോപണം പിഴപലിശ ഈടാക്കുന്നതിൽ വീഴ്ച വരുത്തി എന്നതാണ്. എന്നാൽ നഷ്ടമായ തുക വളരെ ചെറുതാണ്.ടിയാളുകളുടെ ഭാഗത്ത് നിന്ന് ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളിൽ മനപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ ശാന്തികവാടം ശ്മശാനത്തിന്റെ നിരക്ക് വർദ്ധിപ്പിച്ച കൗൺസിൽ തീരുമാന പ്രകാരം നടപടി സ്വീകരിക്കാൻ കാലതാമസം നേരിട്ടത് സെക്ഷൻ ക്ലാർക്ക് ശ്രീ.അൻവർ ഹുസൈന്റെ വീഴ്ചയാണ്. എങ്കിലും പുതുതായി ചാർജ്ജെടുത്തതു മൂലമുണ്ടായ അപാകതയായി മാത്രം ആയതിനെ പരിഗണിക്കാവുന്നതല്ല.

8. മേൽ സാഹചര്യത്തിൽ 2013-14 ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥരായിരുന്ന ബിൽ കളക്ടർ ശ്രീമതി.ആർ.ശ്രീകുമാരി, ക്ലാർക്കുമാരായ ശ്രീ.എൻ.മോഹൻദാസ്, ശ്രീ.അൻവർ ഹുസൈൻ എന്നിവർക്കതിരേ ആരംഭിച്ച അച്ചടക്കനടപടി, ശ്രീമതി.ആർ.ശ്രീകുമാരി, ശ്രീ.എൻ. മോഹൻദാസ് എന്നിവർക്ക് മേലിൽ വീഴ്ചയുണ്ടാകാതിരിക്കുന്നതിന് താക്കീത് നൽകിയും ശ്രീ.അൻവർ ഹുസൈന് സെൻഷ്വർ (ശാസന) നൽകിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.ആർ.ശ്രീകുമാരി, ബിൽ കളക്ടർ, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.എൻ.മോഹൻദാസ്,ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.അൻവർ ഹുസൈൻ, ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 09-11-2022 11:07:40**
സെക്ഷൻ ഓഫീസർ